കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊളച്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്-2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ/C2/2062/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇമെയിൽ: lfaddistofficeknr@gmail.com

ഫോൺ. 0497-2707698.

തീയ്യതി : 27.12.2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),

കൊളച്ചേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കൊളച്ചേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23,

1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ- മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഉ.സ)

3)കാര്യാലയ പകർപ്പ്

ceeyar/-

നം. കെ.എസ്.എ.കെ.എൻ.ആർ.C2/2062 /2016 തിയ്യതി:27.12.2016.

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക

# വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2015 മുതൽ 07-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ . | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-11-2016 മുതൽ 16-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ. എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ |
| | 2.ലീലാകൃഷ്ണൻ.എൻ.എം. | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | 3.ശ്രീ .ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4.ശ്രീമതി. വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | കെ കെ മുസ്തഫ | 01-04-2015മുതൽ31-10-2015വരെ |
| 2 | (ഭരണ നിർവ്വഹണ സമിതി)<br>ശ്രീ.ഷിഹാബുദ്ദീൻ.കെ.സി, സെക്രട്ടറി<br>ടി.പി.കെ.രാധാകൃഷ്ണൻ (ട്രഷറി ഓഫീസർ)<br>ശ്രീമതി.ജമീല.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-15 മുതൽ 18-11-15 വരെ |
| 3 | കെ സി പി ഫൗസിയ | 19-11-15 മുതൽ 31-03-16 വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.ഷംസുദ്ദീൻ കെ.ബി | 01-04-15 മുതൽ 31-03-16 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | സന്തോഷ് കുമാർ കെ | 01-04-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ബി.അജയകുമാർ | 01-04-15 മുതൽ 13-05-15വരെ |
| | ജയരാജൻ കെ നായർ | 14-05-15മുതൽ 17-06-15വരെ |
| | പ്രദീപൻ എം എൻ | 18-06-15മുതൽ 23-06-15വരെ |
| | രാധാകൃഷ്ണൻ പി കെ | 24-06-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനീയർ | മനോജ് കുമാർ അക്കോട്ടില്ലം | 01-04-15 മുതൽ 18-06-15വരെ |
| | ഹരീഷ് കുമാർ ബി | 19-06-15 മുതൽ 18-08-15വരെ |
| | നിജേഷ് സി | 19-08-15 മുതൽ 31-03-16വരെ |
| വി ഇ ഒ കൊളച്ചേരി | ജയപ്രകാശ് പി കെ | 01-04-15 മുതൽ 31-03-16വരെ |
| വി ഇ ഒ ചേലേരി | സിമി കെ വി | 01-04-15 മുതൽ 31-03-16വരെ |
| ഐസിഡിഎസ് സൂപ്പർ വൈസർ | ജമീല കെ | 01-04-15 മുതൽ 31-03-16വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ പ്രസാദ് കുമാർ കെ പി | 01-04-15 മുതൽ 31-03-16വരെ |
| ഹെഡ് മാസ്റ്റർ | ശകുന്തള .കെ | 01-04-15 മുതൽ 31-03-16വരെ |
| വെറ്റിനറി സർജൻ | ഡോ.രേഷ്മ ദാമോദരൻ | 01-04-15 മുതൽ 31-03-16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 - പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ഗ്രാമസഭ പ്രവർത്തനം ഊർജിതമാക്കേണ്ടതാണ്. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | പെർമിറ്റ് - അപാകങ്ങൾ | 2-1 | |

| | | | |
|---|---|---|---|
| 13 | വസ്തുനികുതി ക്രമവത്ക്കരണം | 2-2 | |
| 14 | തൊഴിൽ നികുതി അപാകങ്ങൾ | 2-3 | |
| 15 | പാമ്പുരുത്തി ലീസിന് കൊടുത്തത് | 2-4 | |
| 17 | ഡി ആന്റ് ഒ ലൈസൻസ് -അപാകങ്ങൾ | 2-5 | |
| ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | വിനിയോഗസാക്ഷ്യപത്രവും വി ഇ ഒ സൂക്ഷിക്കുന്ന രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 100000/-രൂപ തടസപ്പെടുത്തുന്നു. | 3-1 | |
| 19 | കന്നുകുട്ടി പരിപാലനം -വിനിയോഗസാക്ഷ്യപത്രം- ഹാജരാക്കേണ്ടതാണ്. 139000/-തടസപ്പെടുത്തുന്നു. | 3-2 | |
| 20 | എസ് എസ് എ -ഇനം തിരിച്ചുള്ള ചെലവ് വിവരം ഹാജരാക്കിയില്ല.989304/-തടസപ്പെടുത്തുന്നു. | 3-3 | |
| 21 | പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകളിലെ തുക തിരിച്ചടക്കേണ്ടതാണ്. | 3-4 | |
| 22 | പൈപ്പ്ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കലും - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ട താണ്. 120000/-തടസപ്പെടുത്തുന്നു. | 3-5 | |
| 23 | ഐ.എ.വൈ ഭവന പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ നിരാകരിക്കുന്നു. 5,52,500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 | |
| 24 | മഹാത്മ ഗാന്ധി തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-7 | |
| 25 | മുട്ടക്കോഴി വളർത്തൽ- നിർവ്വഹണത്തിലെ അപാകങ്ങൾ - 123750/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| 26 | ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-9 | |
| 27 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി -ബ്ലോക്കിൽ നിന്നും ലഭിച്ച പണം വിനിയോ ഗിച്ചില്ല. | 3-10 | |

| | | | |
|---|---|---|---|
| 28 | കേന്ദ്രസഹായമിനത്തിൽ ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്. | 3-11 | |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 38 | അനുബന്ധം 1 - ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| 39 | അനുബന്ധം 2 – ബാലൻസ് ഷീറ്റ് | | |
| 40 | അനുബന്ധം 3 -റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |
| 41 | അനുബന്ധം 4 – ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബഡ്ജറ്റ് 516/16 തീയ്യതി 04-01-2016 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.ബജറ്റും യഥാർത്ഥത്തിലുള്ള വരവ് ചെലവുകളും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബഡ്ജറ്റ് | യഥാർത്ഥ ത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 7310300 | 19365098 | 12054798 | | +165 |
| വരവ് | 41215450 | 40321407 | | 894043 | -2 |
| ആകെ | 48525750 | 59686505 | 11160755 | | +23 |
| ചെലവ് | 46522146 | 46710428 | 188282 | | +0.4 |
| നീക്കിയിരിപ്പ് | 2003604 | 12976077 | 10972473 | | |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 2015-16 | 31-07-16 | 28-04-2016 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | കെ എസ് എ കെ എൻ ആർ ബി3 /2016 തീയ്യതി 11-2016 സി2.2062/2016 | ന്യൂനതകളോടു കൂടിയത് |

ന്യൂനതകൾ

1. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി11 പട്ടികയിലെ ആസ്തിയെ സംബന്ധിച്ചുള്ള തുകകൾ പൊരുത്തപ്പെടുന്ന രീതിയിൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 19365098 |
| വരവ് | 40321407 |
| ആകെ | 59686505 |
| ചെലവ് | 46710428 |
| നീക്കിയിരിപ്പ് | 12976077 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3536749 | 8156040 (5149948- 'ട്രാൻസ്സ്ഫർ ക്രെഡിറ്റ് മുഖേനയുള്ള വരവ്) | 11692789 | 10461465 | 331127 (തിരിച്ചടച്ചത്) | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 39367 | 2288454 | 2327821 | 2327821 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 19000 | 0 | 19000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4815679 | 4815679 | 4815679 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 767359 | 2098457 | 2865816 | 0 | --- | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1838505 | 6252222 | 8090727 | 5434779 | 2655948 | 0 |
| ലോക ബാങ്ക് സഹായം | 2494000 | 2494000 | 4988000 | 2494000 | 2494000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 129 | 46858502 | 105 | 36005866 | 17 | 7 | 68 |

## 1-7 തനത് വരുമാനം.

തനതു വരുമാനം സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| 2015-16 | നികുതി വരവുകൾ | 44,04,305 | 41,12,015 | -2,92,290 | -6.63 |
| | നികുതിയേതര വരവുകൾ | 3,88,558 | 8,12,478 | (+)1,23,920 | (+)31.8% |
| | മറ്റുവരവുകൾ | 14,24,906 | 4,31,352 | (-)9,93,554 | (-)69.7 |
| | ആകെ | 62,17,769 | 50,55,845 | (-)11,61,924 | (-)18.6 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2015-16 | തൊഴിൽരഹിത വേതനം | 1,05,000 | 82 |
| | കർഷകതൊഴിലാളി പെൻഷൻ | 26,99,310 | 317 |
| | വിധവാപെൻഷൻ | 1,04,69,160 | 1027 |
| | വാർദ്ധക്യകാലപെൻഷൻ | 99,96,540 | 1218 |
| | വികലാംഗപെൻഷൻ | 22,78,825 | 201 |
| | അവിവാഹിത പെൻഷൻ | 6,23,160 | 59 |
| | വിവാഹ ധനസഹായം | 3,60,000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-11-2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11082/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-08-2016 | 01-07-2016 മുതൽ 31-07-2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-06-2014 | 2009-10 മുതൽ 2013-14 വരെ | 25-08-14 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫീ - അപാകങ്ങൾ

2015-16 വർഷത്തിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റിന് ലഭിച്ച അപേക്ഷകളിൽ ഫീസ് ഈടാക്കിയതിന്റേയോ അപേക്ഷ തീർപ്പാക്കിയതിന്റേയോ, കെട്ടിടം പൂർത്തീകരിച്ചത് സംബന്ധിച്ചോ, ഡിമാന്റ്, അസസ്മെന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയതിന്റേയോ, ക്രമവത്ക്കരണം നടത്തിയതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷന്റെ പേര് | അപേക്ഷ ലഭിച്ച തീയ്യതി<br>അപേക്ഷ നം | അപാകങ്ങൾ |
|---|---|---|---|
| 1 | വടക്കേചാലിൽ ആയിഷ | 13-04-15/2858/15 | ഓവർസിയർക്ക് 20-04-15 ന് കൈമാറിയതായി രേഖപ്പെടുത്തിയതല്ലാതെ മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | അരിയമ്പാട്ട് മോഹനൻ | 20-04-2015/2980/15 | ഓവർസിയർക്ക് 20-04-15 ന് കൈമാറിയതായി രേഖപ്പെടുത്തിയ തല്ലാതെ മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | പള്ളീരവിട റായിദ | 07-05-2015/3384/15 | 08-05-15 ന് ഓവർസിയർക്ക് കൈമാ റുകയും ഡിമാന്റ് നമ്പർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | കൊയ്യൻ രാജേഷ് | 11-05-2015/3464/15 | ഫീസ് ഈടാക്കിയതിന്റേയോ പെർ മിറ്റ് അനുവദിച്ചതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | കീലത്ത് മൂലയിൽ പുതിയ പുരയിൽ ആയിഷ | 06-07-2015/4675/15 | കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയതിന്റേയോ ക്രമവത്ക്കരണം നടത്തിയതാണെങ്കിൽ ആയതി |

| | | | |
|---|---|---|---|
| | | | ന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. ഓഡിറ്റ് കാലയളവിൽ പെർമിറ്റ് ഫീസ് ഈടാക്കിയ ഇനത്തിൽ 1,57,297രൂപയും ക്രമവത്ക്കരണം നടത്തിയയിനത്തിൽ 78,830രൂപയും വാർഷിക കണക്ക പ്രകാരം വരവുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്താത്തതിനാൽ ഈയിനങ്ങളിലെ വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഫീസിനങ്ങളുടെ വരവ് ആധികാരികത വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി ക്രമവത്ക്കരണം-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കെട്ടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്, എന്നാൽ ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഇനത്തിൽ ₹ 78830 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി അപാകങ്ങൾ

2015-16 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി പഞ്ചായത്തിൽ 2012-13 വർഷത്തിൽ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി സ്വീകരിക്കുമ്പോൾ വീട്ടുവാടക ബത്തകൂടി ഉൾപ്പെടുത്തി യതായി കാണുന്നു. വീട്ടുവാടക ബത്ത ഉൾപ്പെടുത്തുകവഴി ചില ജീവനക്കാർക്ക് അധിക നികുതി ഒടുക്കേണ്ടി വന്നിട്ടുണ്ട്. ഉദാഹരണം ചുവടെ കൊടുക്കുന്നു.

1. സജിത്ത് വി, ജൂനിയർ ക്ലാർക്ക്, മുല്ലക്കൊടി സർവ്വീസ് സഹകരണ ബാങ്ക്, കമ്പിൽ ഈവനിംഗ് ബ്രാഞ്ച് - ഒന്നാം അർദ്ധ വർഷം
2. കെ സുരേശൻ, പ്രൊക്യുർമെന്റ് അസിസ്റ്റന്റ്, കൊളച്ചേരി ക്ഷീര വ്യവസായ സഹകരണ സംഘം -ഒന്നാം അർദ്ധവർഷം

ചട്ടപ്രകാരമുള്ള ഫോറത്തിലല്ലാത്തതും, വരുമാനത്തിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്താത്തതും ഒഴിവാക്കപ്പെടേണ്ട വരുമാനങ്ങൾ ഉൾപ്പെടുത്തിയതും തസ്തിക രേഖപ്പെടുത്താത്തതും സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്താത്തതുമായ അപേക്ഷകളെല്ലാം തന്നെ യാതൊരു വിധ പരിശോധനയോ നടപടിയോ കൂടാതെ സ്വീകരിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. മുൻ ഓഡിറ്റ്

റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും ആയത് ഗൗരവത്തിലെടുക്കാതെ ഇത്തരം വീഴ്ചകൾ തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. 2015-16 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ചില സ്ഥാപനങ്ങളിലെ ഉടമകൾ മാത്രം തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമ ഒടുക്കിയ തൊഴിൽനികുതി |
|---|---|---|
| 1 | ഫൈവ് സ്റ്റാർ സ്റ്റോൺക്രഷർ | 2500/-, 2100078/07-04-2015 |
| 2 | പട്ടുറുമാൽ ഫാഷൻ | 2500/-, 2100130/10-04-2015 |
| 3 | മയ്യിൽ ഗ്രാനൈറ്റ്സ് | 2500/-, 2100184/18-04-2015 |
| 4 | പേൾ ബ്യൂട്ടി ഗാർമെന്റ്സ് | 2500/-, 2100458/07-05-2015 |
| 5 | കായച്ചിറ ക്ഷീരോത്പാദക സഹകരണ സംഘം | 1500/-, 2100704/20-05-2015 |
| 6 | എം റലത്ത്, പാട്ടയം, എൽ.പി.ജി. ഗോഡൗൺ | 2500/-, 2106979/26-03-2016 |
| 7 | കീലത്ത് പുരയിൽ ശാദുലി, റഹ്മാനിയ മിൽ | 2500/-, 2106405/09-03-2016 |
| 8 | ബ്രില്ല്യൻസ് അക്കാദമി, കൊളച്ചേരി | 2500/-, 2100180/18-04-2015 |

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കിയ സ്ഥാപന നികുതി |
|---|---|---|
| 1 | ശ്രീദേവി ഡ്രൈവിങ്ങ് സ്കൂൾ, കൊളച്ചേരി | 2500/-, 2107142/30-03-2016 |
| 2 | മാനേജർ, അറബിക് കോളേജ്, കമ്പിൽ | 2500/-, 2104222/05-01-2016 |
| 3 | മഹാത്മ കോളേജ്, കമ്പിൽ | 2500/-, 2104276/06-01-2016 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205 ബി,സി പ്രകാരം മേൽപ്പറഞ്ഞ 2 പട്ടികകളിലെയും സ്ഥാപന ഉടമകൾക്ക് അവരുടെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള കൂടുതൽ വരുമാനമുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുകയും ജീവനക്കാർ തൊഴിൽനികുതി ഒടുക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

4. പഞ്ചായത്ത് പരിധിയിൽ നാല് സ്വകാര്യ കോളേജുകൾ / ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 2-4 പാമ്പുരുത്തി പുറമ്പോക്ക് ലീസ് – പഞ്ചായത്തിന് വരുമാന നഷ്ടം

2015-16 വർഷത്തെ വാർഷിക കണക്ക്, പുറമ്പോക്ക് ലീസ് രജിസ്റ്റർ എന്നിവ പ്രകാരം പാമ്പുരുത്തി പുറമ്പോക്ക് ഭൂമി ലീസിന് കൊടുത്ത വകയിലുള്ള വരവ് 28,200 രൂപയാണ്. 2009-10 ൽ 92 പേർ പാട്ടത്തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2015-16 ൽ 61 പേർ മാത്രമേ പാട്ടത്തുക ഒടുക്കിയിട്ടുള്ളൂ. പുറമ്പോക്ക് ഭൂമി ലീസിന് കൊടുത്ത വകയിലുള്ള മുൻവർഷങ്ങളിലെ വരവ് ചുവടെ കൊടുക്കുന്നു.

2012-13 : 54,275/-

2013-14 : 44,950/-

2014-15 : 40,500/-

2015-16 : 28,200/-

2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ഈ ഇനത്തിലെ വരവിൽ ഗണ്യമായ കുറവുണ്ട്. വർഷം തോറും പാട്ടത്തുക കുറഞ്ഞുവരുന്നതിന്റെ കാരണവും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങളും വിശദമാക്കാൻ എൻക്വയറി നല്കിയതിന് (എൻക്വയറി നം.15/15.11.2016) മറുപടിയായി കരയിടിഞ്ഞ് പോയതിനാലും പ്രസ്തുത സ്ഥലങ്ങളിൽ നിന്നുള്ള വരുമാനം കുറഞ്ഞതിനാലുമാണ് ഇപ്രകാരം വരവ് കുറഞ്ഞിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള യഥാർത്ഥ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനും കൈയേറ്റങ്ങൾക്ക് വിധേയമാകാത്ത രീതിയിൽ സംരക്ഷിക്കുന്നതിനും കൈവശക്കാരുടെ വിവരങ്ങൾ കാലികമാക്കുന്നതിനും മുഴുവൻ പാട്ടത്തുകയും പിരിച്ചെടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് -അപാകങ്ങൾ

1. ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം.

ലൈസൻസ് എടുക്കുന്നതിന്/പുതുക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളൊന്നും മുഴുവനായി

പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു. സ്ഥാപനത്തെയും അപേക്ഷകനെയും സംബന്ധിച്ച വിശദവിവരങ്ങൾ, ഒരു ദിവസത്തെ വിറ്റുവരവ്, ആവശ്യമായ അനുബന്ധരേഖകൾ, നിരാക്ഷേപ പത്രങ്ങൾ, എന്നിവയൊന്നും ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് (വ്യവസായ സ്ഥാപനങ്ങൾക്ക് അടക്കം).

2. അപേക്ഷ നം. 22 – റീജിയണൽ മാനേജർ, കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ – മാവേലി സ്റ്റോർ നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സപ്ലൈകോ, മാവേലിസ്റ്റോർ, 2015-16 വർഷത്തിൽ സമർപ്പിച്ച തൊഴിൽനികുതി റിട്ടേൺസ് (VI-ാം നം. ഫോറം അനുബന്ധം-അർദ്ധ വാർഷിക വരുമാനം കാണിക്കുന്ന സ്റ്റേറ്റ്മെന്റ്) പ്രകാരം;

2015-16 ഒന്നാം അർദ്ധവർഷ ടേൺഓവർ - 40,00,000

രണ്ടാം അർദ്ധ വർഷ ടേൺഓവർ - രേഖപ്പെടുത്തിയിട്ടില്ല

ശരാശരി - 40,00,000

2015-16 വർഷത്തെ ലൈസൻസിനുള്ള അപേക്ഷയിൽ ഒരുദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. റിട്ടേൺസ് പ്രകാരം ഒരുദിവസത്തെ ശരാശരി വിറ്റുവരവ് 22,222 രൂപ ആണ്. ഇതു പ്രകാരം ഈടാക്കാവുന്ന മിനിമം ലൈസൻസ് ഫീസ് 500 രൂപയാണെന്നിരിക്കെ 2015-16 ൽ ഈടാക്കിയ ഫീസ് 100 രൂപ മാത്രമാണ് (രശീത് നം. 2106698, 27-02-15). മാവേലി സ്റ്റോറിന്റെ വരുമാന വിവരം പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. ലൈസൻസ് അനുവദിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.

അപേക്ഷ നൽകിയ എല്ലാവർക്കും ലൈസൻസ് നൽകുന്നുണ്ടോ എന്ന് വ്യക്തമല്ല. ലൈസൻസിന്റെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. ഡി & ഒ ലൈസൻസ് എടുക്കുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർമാർ നിർബന്ധമായും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ലൈസൻസ് എടുക്കുന്നതിനോ പുതുക്കുന്നതിനോ ലഭിച്ച ഒരപേക്ഷയിലും നിർദ്ദേശിച്ച രീതിയിൽ ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന സാനിട്ടറി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. പഞ്ചായത്തിലെ പ്രധാന തെരുവായ കമ്പിൽ സ്ഥിതി ചെയ്യുന്ന ജ്വല്ലറികൾ, സൂപ്പർമാർക്കറ്റുകൾ, വസ്ത്രവ്യാപാര സ്ഥാപനങ്ങൾ, ഗൃഹോപകരണ ഷോറൂമുകൾ തുടങ്ങിയ വലിയ സ്ഥാപനങ്ങളിൽ നിന്നും അവരുടെ വരുമാനത്തിനനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ വരുമാന വിവരം വിശദമായി പരിശോധിച്ച് ലൈസൻസ് ഫീസ് കാലികമാക്കാൻ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ എ വൈ പദ്ധതി(പട്ടികജാതി )വിനിയോഗസാക്ഷ്യപത്രവും വി ഇ ഒ സൂക്ഷിക്കുന്ന രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.100000/-രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം : 22/16 ഐ എ വൈ വിഹിതം (പട്ടികജാതി)

അടങ്കൽ : 3,40,000 വികസന ഫണ്ട് (എസ്.സി.പി)

ബിൽ നം. : 7/15-16, 30-11-15 --- 3,25,000/-

17/15-16, 30-03-16 – 15,000/-

ഐ എ വൈ (പട്ടികജാതി) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ആകെ 200000/- രൂപയാണ് നൽകുന്നത്.(കേന്ദ്രവിഹിതം -70000 സംസ്ഥാന വിഹിതം -50000 ജില്ലാപഞ്ചായത്ത് വിഹിതം – 28000/- -ബ്ലോക്ക് പഞ്ചായത്ത് വിഹിതം -32000/- -ഗ്രാമപഞ്ചായത്ത് വിഹിതം-20000/-)

മേൽ പദ്ധതിയുടെ ഭാഗമായി 17 ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 3,40,000 രൂപ എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം8/10-11-2016) മറുപടിയായി ഗ്രാമപഞ്ചായത്ത് നൽകിയ മൊത്തം തുകയും വിനിയോഗിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. പ്രസ്തുത വിനിയോഗ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വി.ഇ.ഒ. സൂക്ഷിച്ചുവരുന്ന രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നാളിതുവരെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം |
|---|---|---|---|---|---|---|
| 1 | രമ്യ വി | 59500 | 50000 | ഇല്ല. | 32000 | ഇല്ല. |
| 2 | ശ്രീജ വി | 59500 | 50000 | ഇല്ല. | 32000 | ഇല്ല. |
| 3 | പി റോസ | 17500 | 50000 | ഇല്ല. | 32000 | ഇല്ല. |
| 4 | ഇ പാഞ്ചു | 59500 | ഇല്ല | ഇല്ല | 32000 | ഇല്ല. |

| | | | | | | |
|---|---|---|---|---|---|---|
| 5 | പി ജാനകി | 17500 | 50000 | ഇല്ല | ഇല്ല | ഇല്ല. |

മേൽ കൊടുത്ത പട്ടികയിലെ ക്രമനമ്പർ 5 പി ജാനകി എന്ന ഗുണഭോക്താവ് 17500 കേന്ദ്ര വിഹിതവും 50000 സംസ്ഥാന വിഹിതവും കൈപ്പറ്റിയെങ്കിലും മരണപ്പെട്ടതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വി.ഇ.ഒ. പരിപാലിച്ചുപോരുന്ന രജിസ്റ്റർ പ്രകാരം ആകെ 17 ഗുണഭോക്താക്കൾക്ക് വേണ്ടി നൽകിയ 3,40,000/- രൂപയിൽ ഗ്രാമപഞ്ചായത്ത് വിഹിതം 12 ഗുണഭോക്താക്കൾക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 5 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് ഷെയർ നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായ വിനിയോഗവിവരം വെളിപ്പെടുത്തുന്നില്ലാത്തതും തെറ്റുമാണ്. ഇത് സംബന്ധിച്ച വിശദ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഒരു ലക്ഷം രൂപ (5 x 20000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 കന്നുകുട്ടിപരിപാലനം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രൊജക്ടിന്റെ പേര്- പ്രത്യേക കന്നുകുട്ടിപരിപാലനം

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്റിനറി സർജൻ

പ്രൊജക്ട് നം – 36/16

ഫണ്ട് - വികസനഫണ്ട്.

ബിൽ നമ്പർ- 2/2015-16 തീയ്യതി 16-12-2016

തുക - 187500/-

2015-16 വർഷം മേൽ പദ്ധതിയുടെ ഭാഗമായി ഡെപ്യൂട്ടി ഡയരക്ടർ എസ് എൽ ബി പി,കണ്ണൂരിന് 187500/- നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 48499/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി 13900/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസം തീർപ്പാക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ പ്രൊജക്ടുകൾ നടപ്പിലാക്കിയതിൽ ഹാജരാക്കാത്ത വിനിയോഗ സാക്ഷ്യപത്രങ്ങളുണ്ടെങ്കിൽ അവ ഹാജരാക്കേണ്ടതും ഡ്രോപ്പ് ഔട്ട് തുടങ്ങി മറ്റ് കാരണങ്ങളാലോ ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ വിനിയോഗിക്കാത്ത വിഹിതം എസ് എൽ ബി പി ഡെപ്യൂട്ടി ഡയരക്ടറുടെ കൈവശമുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-3 എസ് എസ് എ- വർക്ക് പ്ലാൻ പ്രകാരമുള്ള ചെലവ് വിവരം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്റ്റിന്റെ പേര് : എസ്.എസ്.എ വിഹിതം നല്കൽ

പ്രോജക്റ്റിന്റെനമ്പർ : 28/16

വകയിരുത്തിയ തുക : ₹989304

ചെലവഴിച്ച തുക : ₹ 989304

ബിൽ നമ്പർ/തീയ്യതി : 1/15-16/19-10-2015, തുക =269697/- (വികസനഫണ്ട്)

2 /2015-16/19-10-2015,തുക = 671322/- (വികസനഫണ്ട്)

3/15-16/19-10-2015,തുക = 48285 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

എസ്.എസ്.എ. കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസറുടെ വാർഷിക വർക്ക് പ്ലാൻ ബഡ്ജറ്റ് പ്രകാരമുള്ള മൊത്തം തുകയുടെ 35% ആയ ₹ 989304 ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും വാർഷിക വർക്ക് പ്ലാൻ ബഡ്ജറ്റിൽ നിഷ്കർഷിച്ച പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക തടസ്സപെടുത്തുന്നു.

## 3-4 പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടിലെ തുകകൾ തിരിച്ചടക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ നടത്തിവരുന്ന കൊളച്ചേരി സബ് ട്രഷറി 2015-2016 സാമ്പത്തിക വർഷം മുതൽ ബാങ്കിംഗ് ട്രഷറിയായതിനാൽ നിർവഹണ ഉദ്യോഗസ്ഥർക്ക് എല്ലാ ഇടപാടുകളും ട്രഷറി വഴി നേരിട്ട് നടത്താനാവും. ആയതിനാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ ദേശസാൽകൃത ബാങ്കിലെ അക്കൗണ്ടികളിലുള്ള നീക്കിയിരിപ്പ് തുക അടിയന്തിരമായി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | അക്കൗണ്ട് നമ്പർ | ബാങ്ക് ശാഖ | നീക്കിയിരിപ്പ് വിവരം (ഓഡിറ്റ് തീയ്യതിയിലെ നീക്കിയിരിപ്പ്) |
|---|---|---|---|---|
| 1 | സെക്രട്ടറി | 40403100006160 | കേരള ഗ്രാമീൺബാങ്ക് കൊളച്ചേരി | 30168/- |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 40403100007486 | കേരള ഗ്രാമീൺബാങ്ക് കൊളച്ചേരി | 1004 |
| 3 | കൃഷി ഓഫീസർ | 40403100006158 | കേരള ഗ്രാമീൺബാങ്ക് കൊളച്ചേരി | 11676/- |
| 4 | വി ഇ ഒ (കൊളച്ചേരി സർക്കിൾ) | 40403100006159 | കേരള ഗ്രാമീൺബാങ്ക് കൊളച്ചേരി | 5515/- |
| 5 | വി ഇ ഒ (സാനിറ്റേഷൻ അക്കൗണ്ട്) | 40403100006180 | കേരള ഗ്രാമീൺബാങ്ക് കൊളച്ചേരി | 3197/- |

ഇത് സംബന്ധിച്ച പാസ് ബുക്ക് ഹാജരാക്കാത്ത മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെയും അക്കൗണ്ടിൽ നീക്കിയിരിപ്പ് തുകയുണ്ടെങ്കിൽ ആയതും തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പൈപ്പ് ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കലും - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം. : 41/16

അടങ്കൽ : 1,20,000 (C F C)

വൗച്ചർ നം. : 21500388/11.09.2015

കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ കീലത്ത് കടവ് റോഡ് -- വെള്ളാംകോൽ കമ്പിൽക്കടവ് അംഗൻവാടി റോഡിലേക്ക് പൈപ്പ് ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കലും എന്ന പദ്ധതിക്കായി കേരള ജല അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ, വാട്ടർ സപ്ലൈ ഡിവിഷൻ കണ്ണൂർ എന്നവരുടെ എസ്റ്റിമേറ്റ് പ്രകാരം 1,20,000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മേൽ പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 1,20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഐ.എ.വൈ ഭവന പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 5,52,500 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 11/16

അടങ്കൽ 5,52,500 (വികസന ഫണ്ട് : 4,00,000, CFC : 1,52,500)

മേൽ പദ്ധതിയുടെ ഭാഗമായി എടക്കാട് ബ്ലോക്ക് സെക്രട്ടറിയുടെ 30-09-15 ലെ ബി 336/13 കത്തിലെ നിർദ്ദേശാനുസരണം 17 ഗുണഭോക്താക്കളുടെ വിഹിതമായി 32,500 രൂപ വീതം ആകെ 5,52,500 രൂപ നൽകിയിട്ടുണ്ട് (സംസ്ഥാന വിഹിതം ലഭിക്കുകയില്ല എന്നതിനാലാണ് ഒരു ഗുണഭോക്താവിന് 32,500 രൂപ കണക്കാക്കിയത്). പിന്നീട് സംസ്ഥാന സർക്കാർ വിഹിതം ലഭിച്ചതിനെ തുടർന്ന് ബ്ലോക്കിൽ ഒരു ഗുണഭോക്താവിന് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ട വിഹിതം 20,000 രൂപയായി കുറഞ്ഞു. പിന്നീട് പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ അനുമതി ലഭിച്ചതിനെ തുടർന്ന് 10 പേരെക്കൂടി ഉൾപ്പെടുത്തി ആകെ ഗുണഭോക്താക്കളുടെ എണ്ണം 27 ആക്കി. ഇപ്രകാരം ബ്ലോക്കിൽ ഒടുക്കേണ്ട തുക 5,40,000 രൂപ മാത്രമാണ് (27 x 20,000). എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ 5,52,500 രൂപ ഒടുക്കിയതിനാൽ 12,500 രൂപ ബ്ലോക്കിൽ അധികമായി ഒടുക്കുവാനിടയായിട്ടുണ്ട്. കൂടാതെ പി.ആമിന എന്ന ഗുണഭോക്താവ് ലഭിച്ച തുക തിരികെ ബ്ലോക്കിൽ ഒടുക്കിയിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയിൻകീഴിൽ 32,500 രൂപ ബ്ലോക്ക് പഞ്ചായത്തിൽ ചെലവഴിക്കാതെ ഉണ്ട്. 32,500 രൂപ എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി ചെലവ് തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 5,52,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മഹാത്മാ ഗാന്ധിതൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി

അവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. വരവ് ചെലവ് കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ്+പലിശ | ആകെ വരവ് | ചെലവ് | ബാക്കി | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 0 | 62,27,687 | 62,27,687 | 62,27,687 | 0 | 100 |

2. ഭരണചെലവ്

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണ ചെലവ് | 6 % ഭരണചെലവ് | അധികം | അധികം % |
|---|---|---|---|---|---|
| 2015-16 | 62,27,687 | 2,20,146 | 3,73,661 | 0 | 0 |

3. വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ്

| വർഷം | വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ് പ്രകാരം നിർദ്ദേശിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | % |
|---|---|---|---|
| 2015-16 | 171 | 141 | 82.45 |

4. നൂറുദിന തൊഴിൽ- പൂർണ്ണ ലക്ഷ്യം നേടിയില്ല

2015-16 വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട 1889 കുടുംബങ്ങളിൽ വെറും 5 കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഗ്രാമവികസന കമ്മീഷണറുടെ 10.07.2008 ലെ 15/29/NREG സെൽ/2008 സി ആർ ഡി സർക്കുലർ പ്രകാരം ആഴ്ചയിലൊരു ദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് കൊളച്ചേരി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

6. ത.സ്വ.ഭ.വകുപ്പിന്റെ 16.05.2007 ലെ 23283/ഡിസി 2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

## 3-8 മുട്ടക്കോഴി വളർത്തൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ- 123750/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : 38/16

പേര് : മുട്ടക്കോഴി വളർത്തൽ (ജനറൽ)

അടങ്കൽ : 75,000 (വികസന ഫണ്ട്)

: 48,750 (ഗുണ. വിഹിതം)

ആകെ : 1,23,750 രൂപ

ചെലവ്- 1,23,750/- (75000 പദ്ധതി വിഹിതം, 48750 ഗുണ. വിഹിതം)

| | |
|---|---|
| ബിൽ നം. 01/15-16, 26-11-15 | : 75,000 (വികസന ഫണ്ട്) |
| ചെക്ക് നം.2424374/27.11.2015 | : 48,750 |
| ആകെ | :1,23,750 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം മുട്ടക്കോഴി വിതരണം നടത്തിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. ഗുണഭോക്താക്കൾ നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന നികുതി രശീതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.
2. 16-11-13 തീയ്യതിയിലെ ജി ഒ (എംഎസ്) 362/13 സബ്സിഡി മാർഗ്ഗരേഖയിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് ഏഴ് പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ -പക്ഷികളെ വാങ്ങേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കമ്മിറ്റി രൂപവൽക്കരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.ആയതിനാൽ പ്രസ്തുത ചെലവ് തുക 1,23,750/-രൂപ തടസപ്പെടുത്തുന്നു.

## 3-9 ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ, കൊളച്ചേരി സർക്കിൾ

2012-13 വർഷത്തിലെ പ്രൊജക്ട് നമ്പർ 05/13 – ഭവനനിർമ്മാണം – ജനറൽ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി.എം.കെ.ജമീല, മടത്തിക്കൊവ്വൽ, കമ്പിൽ, കൊളച്ചേരി എന്നവർക്ക് 23-3-13, 16-12-13, 12-3-14 എന്നീ തീയ്യതികളിൽ യഥാക്രമം 20,000 രൂപ (ഒന്നാം ഗഡു,) 60,000 രൂപ (രണ്ടാം ഗഡു), 60,000 രൂപ (മൂന്നാം ഗഡു) ഉൾപ്പെടെ ആകെ 1,40,000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.8-6-2016 ) ഭവന നിർമ്മാണത്തിന്റെ മൂന്നാം ഘട്ടം തുക അനുവദിച്ചതിനുശേഷം വീടിന്റെ തറ അമർന്നു പോയതിനാലാണ് പൂർത്തിയാക്കാൻ സാധിക്കാതിരുന്നതെന്നും ആയത് പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

ഭവന നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദ വിവരം ഓഡിറ്റ് വിഭാഗത്തിന് നൽകേണ്ടതാണ്.

## 3-10 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി -ബ്ലോക്കിൽ നിന്നും ലഭിച്ച പണം വിനിയോഗിച്ചില്ല.

2013-14 വർഷത്തിൽ ഭൂരഹിതരായ പട്ടികജാതി(വനിത)ക്കാർക്ക് ഭൂമി വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 1050000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെയായി വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുകയാണ്.

2015-16 ൽ പ്രസ്തുത ജനവിഭാഗങ്ങൾക്ക് ഭൂമി നൽകുക എന്ന പദ്ധതിക്ക് വേണ്ടി പ്രൊജക്ട് വെച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കാത്തതിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(9/10-11-16)ക്ക് മറുപടിയായി ഈ തുകയ്ക്ക് ഗ്രാമ

പഞ്ചായത്തിന്റെ പരിധിയിൽ പദ്ധതി നടപ്പിലാക്കാൻ ഭൂമി കണ്ടെത്താൻ പറ്റാത്തതും ഗ്രാമപഞ്ചായത്ത് നൽകുന്നതിനെക്കാൾ അധികം തുക ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിതർക്ക് ഭൂമി വാങ്ങൽ എന്ന പദ്ധതിക്ക് അനുവദിക്കുന്നതു കൊണ്ടുമാണ് പ്രൊജക്ട് നടപ്പിലാക്കാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചു.

ഇപ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അനുവദിച്ച പണം വിനിയോഗിക്കാത്തത് ഓഡിറ്റ് ഗൗരവത്തോടെ നിരീക്ഷിക്കുന്നു. പ്രസ്തുത തുക എത്രയും പെട്ടെന്ന് വിനിയോഗിക്കാനുള്ള നടപടി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്.

## 3-11 കേന്ദ്രസഹായമിനത്തിൽ ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്.

3.9.2010 ലെ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 39033/ ഡി.സി.2/2010 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പൂരക പോഷകാഹാര പദ്ധതി ( എസ്.എൻ.പി )വഴി ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻ വാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ , ഭക്ഷണം വിതരണം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ എന്നിവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.

2015-16വർഷം കേന്ദ്രവിഹിതം ഇനത്തിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പായി 4,88,012 രൂപ പഞ്ചായത്തിൽ അവശേഷിക്കുന്നുണ്ട് എന്ന് ICDS സൂപ്പർവൈസർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 26 അംഗൻവാടികളിൽ 2എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. 6അംഗൻവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. 2അംഗൻവാടികൾക്ക് വൈദ്യുതിയില്ല എന്നിരിക്കെ കേന്ദ്രവിഹിതം നീക്കീയിരിപ്പ് തുക ഈ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,95,850 | 15,57,736 | 1,98,600 | 13,59,136 |
| 2 | ജില്ലാ പഞ്ചായത്ത് | 2015-16 | 5,12,500 | 6,28,433 | 6,28,433 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2015-16 | KWA | പൈപ്പ്ലൈൻ നീട്ടൽ | വൗച്ചർ നമ്പർ 21500388 തീയ്യതി11.9.15 | 1,20,000 | ----- | 1,20,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

B-18 പത്രിക പ്രകാരം KWA യ്ക്ക് അഡ്വാൻസായി നൽകിയ തുകയിൽ 14,32,000 രൂപ ഇനിയും ക്രമീകരിക്കാൻ ബാക്കിയുണ്ട്. തുക ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം/ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2015-16 | ഇ എം എസ് ഭവന പദ്ധതി- 274/10 തീ 27-10-2010 | 5735500 | 2737250 | 573550 | – | 2163700 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 311607 |
| തൻവർഷം നിക്ഷേപിച്ച തുക | 31161 |
| ആകെ | 342768 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 342768 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | 2015-16 |
| കൊളച്ചേരി സർവ്വീസ് കോ-ഓപ്പ് ബാങ്ക്,എഫ് ഡി നം 2591 | 342768 |
| ആകെ | 342768 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13793 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3(14) | 13793 | എം മുഹമ്മദ് കുഞ്ഞി (കോൺട്രാക്ടർ) | 115022102936<br>തീയ്യതി 21-10-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 6 | 2003-04 | 3-13(6) | പദ്ധതി സഹായം ധനമായി നൽകി | തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,03,21,407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,67,10,428 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,24,555 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000/- | സന്തോഷ് കുമാർ കെ, അസി.സെക്രട്ടറി |
| 3-2 | 139001/- | ഡോ.രേഷ്മ ദാമോധരൻ, വെറ്ററിനറി സർജൻ |
| 3-3 | 989304 | ശകുന്തള.കെ, ഹെഡ് മാസ്റ്റർ |
| 3-5 | 120000 | ഷംസുദ്ദീൻ കെ ബി സെക്രട്ടറി |
| 3-6 | 552500 | ജയപ്രകാശ് പി കെ ,വി ഇ ഒ (കൊളച്ചേരി സർക്കിൾ) |
| 3-8 | 123750 | ഡോ.രേഷ്മ് ദാമോധരൻ,വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(1), തീയ്യതി 04-12-15 | 2 |
| 1998-99 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(2), തീയ്യതി 04-12-15 | 3 |
| 1999-00 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(3), തീയ്യതി 04-12-15 | 3 |
| 2003-04 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(4), തീയ്യതി 04-12-15 | 5 |
| 2004-05 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(5), തീയ്യതി 04-12-15 | 2 |
| 2005-06 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(6), തീയ്യതി 04-12-15 | 5 |
| 2006-07 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(7), തീയ്യതി 04-12-15 | 3 |
| 2007-08 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(8), തീയ്യതി 04-12-15 | 2 |
| 2008-09 | എൽഎഫ്.കെ.എൻ.ആർ /സി2/325/2015(9), തീയ്യതി 04-12-15 | 11 |
| 2009-10<br>2010-11 | എൽഎഫ്.കെ.എൻ.ആർ /സി2/325 /2015(10),തീയ്യതി 04-12-15 | 4 |
| 2011-12<br>2012-13 | എൽഎഫ്.കെ.എൻ.ആർ /സി2/18/2015, തീയ്യതി 26-2-15/ 19-03-15 | 17 |
| 2013-14,2014-15 | കെ എസ് എ കെ എൻ ആർ സി2/1172/2016<br>തീയ്യതി 22-07-2016 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# Annexure - 1

# AUDIT CERTIFICATE

No KSA/KNR/ C2/2052/2016

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE, KANNUR.

PHONE: 0497 2707698.

E-mail: lfaddistofficeknr@gmail.com

Dated: 27.12.2016.

Certified that I have audited the Annual Financial Statement of Kolachery Grama Panchayath in Kannur District for the year ended 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Kolachery Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം കെ എസ് എ കെ എൻ ആർ /സി2.2052/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 0497-2707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി:27.12.2016.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം- 2

# Kolachery Grama Panchayat Receipt And Payment Statement For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 19,365,098.00 |
| | Cash | RP-40(a) | 0.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 13,59,115.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 38,450.00 |
| 140000000 | Fees & User Charges | RP- 4 | 4,43,434.00 |
| 150000000 | Sale & Hire Charges | RP- 5 | 2,43,827.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP- 7 | 83,79,055.00 |
| 171000000 | Interest Earned | RP- 9 | 2,97,140.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 23,838,170.00 |
| 350000000 | Other Liabilities | RP-36 | 15,12,125.00 |

| | | | |
|---|---|---|---|
| Non Operating | | | |
| 180000000 | Other income | RP-10 | 12,815.00 |
| 311000000 | Earmarked Funds | RP-29 | 46,773.00 |
| 340000000 | Deposits Received | RP- 34 | 2,89,391.00 |
| 350000000 | Other Liabilities | RP- 36 | 9,78,693.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 28,72,719.00 |
| 460000000 | Loans,Advances and Deposits | RP- 47 | 9,700.00 |
| Grand Total | | | 59,686,505.00 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 16,28,778.00 |
| 220000000 | Administrative Expenses | RP-12 | 6,32,413.00 |
| 230000000 | Operatations & Maintanance | RP-13 | 11,02,812.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 26,45,574.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 10,977,566.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 6,90,607.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 9,89,304.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 4,65,000.00 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | RP-20 | 74,10,032.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 30,320.00 |
| 260000000 | Grants,Contributions and Compensations from Own Fund | RP-22 | 10,000.00 |
| 280000000 | Prior period Item | RP-26 | 5,207.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 4,31,777.00 |
| 350000000 | Other Liabilities | RP-36 | 47,64,009.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1,341.00 |
| 412000000 | Capital Work In Progress | RP-26 | -1,250.00 |
| 311000000 | Earmarked Funds | RP-29 | 68,000.00 |
| 330000000 | Secured Loans | RP-32 | 5,73,550.00 |
| 340000000 | Deposits Received | RP-34 | 2,71,871.00 |
| 350000000 | Other Liabilities | RP-36 | 20,80,862.00 |
| 410000000 | Fixed Assets | RP-38 | 11,722,655.00 |
| 460000000 | Loans,Advances and Deposits | RP-47 | 171,500.00 |
| | Closing Balance | | |
| | Bank | RP-40(b) | 12,976,0775.00 |
| | Cash | RP-40(b) | 0.00 |
| Grand Total | | | 59,686,505.00 |

## അനുബന്ധം- 3

# Kolachery Grama Panchayath Income & Expenditure statement For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 3,981,936.00 |
| 130000000 | Rental Income from Panchayat Properties | I-3 | 54,626.00 |
| 140000000 | Fee & User charges | I-4(b) | 5,27,338.00 |
| 150000000 | Sale & Hire Charges | I-5(b) | 2,95,077.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 61,882,606.00 |
| 170000000 | Income from incestments | I-7 | 31,161.00 |
| 171000000 | Interest Earned | I-8 | 2,97,140.00 |
| 180000000 | Other income | I-9 | 14,441.00 |
| A | Total Income | | 67,084,325.00 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 60,22,333.00 |
| 220000000 | Administrative Expenses | I-11(b) | 6,32,413.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintanance | I-12(b) | 11,87,796.00 |
| 240000000 | Interest & Finance Charges | I-13 | 1,341.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 65,26,538.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 13,458,135.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 6,90,607.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 9,89,304.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes | I-14(d) | 26,531,995.00 |
| 255000000 | Maintenance Projects | I-14(e) | 74,10,032.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 30,320.00 |
| 260000000 | Grants,Contributions and compensations from Own Fund | I-15 | 10,000.00 |
| 272000000 | Depreciation | I-17(a) | 55,03,164.00 |
| B | Total - Expenditure | | 68,993,978.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 19,09,653.00 |
| D=280000000 | Prior period Item | I-18 | 2,00,873.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 17,08,780.00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to | | |

| | | | |
|---|---|---|---|
| | balance sheet(Panchayat Fund) | | |

## അനുബന്ധം- 4

# BALANCE SHEET As on Kolachery Grama Panchayat 31- March- 2016

| Code No | Description of Items | ScheduleNo. | Amount |
|---|---|---|---|
| | LIABILIITIES | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 25,98,427.86 |
| 311000000 | Earmarked Funds | B-2 | 25,830.00 |
| 312000000 | Reserves | B-3 | 28,126,306.00 |
| | Total Reserve & surplus | | 30,750,563.86 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 21,59,574.00 |
| | Total Grants, Funds & Contributions for Specific Purposes | | 21,59,574.00 |
| 330000000 | Loans<br>Secured Loans | B-5 | 21,63,700.00 |
| | Total Loans | | 21,63,700.00 |
| | Current Liabilities and Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 4,39,977.00 |
| 350000000 | Other Liabilities | B-9 | 5,90,457.00 |
| | Total Current Liabilities and Provisions | | 10,30,234.00 |
| | TOTAL LIABILIITIES | | 36,104,072.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 31,022,376.00 |
| 411000000 | Accumulated Depreciation | B-11 | 12,056,508.00 |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 18,965,868.00 |
| 420000000 | Investments<br>Investments | B-12 | 3,42,768.00 |
| | Total Investments | | 3,42,768.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 4,168.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2,19,491.00 |
| 440000000 | Pre-paid Expences | B-16 | 21,63,700.00 |
| 450000000 | Cash and Bank balance | B-17 | 12,976,077.00 |
| 460000000 | Loans,Advances and Deposits | B-18 | 14,32,000.00 |
| | Total Current Assets, Loans and Advances | | 16,795,436.00 |

| | | | |
|---|---|---|---|
| | TOTAL ASSETS | | 36,104,072.00 |